# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പുത്തിഗെ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ/ കെ എസ് ഡി 5/300/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 09/04/2021
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുത്തിഗെ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പുത്തിഗെ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുത്തിഗെ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-2, പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ/ കെ എസ് ഡി 5/300/2021 തീയ്യതി: 09/04/2021

## കാസർഗോഡ് ജില്ലയിലെ പുത്തിഗെ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ പുത്തിഗെ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 31-03-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അജിതൻ ടി.എൻ. | ഡെപ്യൂട്ടി ഡയറക്ടർ | 24-03-2021 | 31-03-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 24-03-2021 | 31-03-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ലോകേശ ആചാരി ബി. - ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ജെനു കുര്യാക്കോസ് - അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ (24-03-2021 മുതൽ 27-03-2021 വരെ)
ശിവശങ്കര കെ. - സീനിയർ ഗ്രേഡ് ഓഡിറ്റർ
സുധീഷ് എൻ.കെ. - സീനിയർ ഗ്രേഡ് ഓഡിറ്റർ
കുഞ്ഞികൃഷ്ണൻ കെ.സി. - സീനിയർ ഗ്രേഡ് ഓഡിറ്റർ (29-03-2021 മുതൽ 31-03-2021 വരെ)
ബിന്ദു വി. - ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി അരുണ ജെ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ ഹരീഷ് കെ | സെക്രട്ടറി | 01-04-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയ (വര |
|---|---|---|---|
| നബീസത് ഹംസീന ബി എച്ച് | കൃഷിഓഫീസർ | 01-04-2019 | 31-03 2020 |
| ഡോ ജിഷാ കെ ജേംസ് | വെറ്റിനറി സർജൻ | 01-04-2019 | 02-08 2019 |
| ഡോ ദേവിലാൽ കെ | വെറ്റിനറി സർജൻ | 03-08-2019 | 06-02 2020 |
| ഡോ ചാന്ദിനി കെ ജി | വെറ്റിനറി സർജൻ | 07-02-2020 | 20-02 2020 |
| ഡോ നേഖാ കൃഷ്ണൻ കെ | വെറ്റിനറി സർജൻ | 21-02-2020 | 31-03 2020 |
| ഡോ.രേഖ.എസ് | മെഡിക്കൽ ഓഫീസർ, അലോപ്പതി | 01-04-2019 | 31-03 2020 |
| ഡോ.സീതാരത്ന.എം | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2019 | 31-03 2020 |
| അംബിക.ടി.പി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 29-11 2019 |
| സുനിത.പി.എസ്. | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 30-11-2019 | 31-03 2020 |
| സുനിൽ.കെ | വില്ലേജ് എക്സറ്റൻഷൻ ഓഫീസർ | 01-04-2019 | 31-03 2020 |
| അജയ കുമാർ. എ.വി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 11-04 2019 |
| | | 12-04- | 31-03 |

| | | | |
|---|---|---|---|
| സരീഷ് കുമാർ.പി.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 2019 | 202( |
| സുരേഷ്.കെ.ആർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03 202( |
| ബേബി സബിത | പ്രധാനാധ്യാപകൻ | 01-04-2019 | 31-03 202( |

------

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Lokesh Achary. B (Audit Officer, On 30-03-2021)<br>Last Updated By: T.N.Ajithan (Deputy Director, On 08-04-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം<br>Written By: Lokesh Achary. B (Audit Officer, On 30-03-2021)<br>Last Updated By: T.N.Ajithan (Deputy Director, On 08-04-2021) | 1-2 |
| 3 | സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തുന്നില്ല<br>Written By: Lokesh Achary. B (Audit Officer, On 01-04-2021)<br>Last Updated By: Lokesh Achary. B (Audit Officer, On 01-04-2021) | 1-2-A |
| 4 | ആസ്തി രജിസ്റ്റർ കാലികമല്ല<br>Written By: Lokesh Achary. B (Audit Officer, On 01-04-2021)<br>Last Updated By: T.N.Ajithan (Deputy Director, On 08-04-2021) | 1-2-B |
| 5 | സാമ്പത്തിക സ്ഥിതി<br>Written By: Lokesh Achary. B (Audit Officer, On 30-03-2021)<br>Last Updated By: T.N.Ajithan (Deputy Director, On 08-04-2021) | 1-3 |
| 6 | ഫണ്ട് വിനിയോഗം<br>Written By: Lokesh Achary. B (Audit Officer, On 31-03-2021)<br>Last Updated By: T.N.Ajithan (Deputy Director, On 08-04-2021) | 1-4 |
| 7 | പദ്ധതി അവലോകനം<br>Written By: Lokesh Achary. B (Audit Officer, On 31-03-2021)<br>Last Updated By: T.N.Ajithan (Deputy Director, On 08-04-2021) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Jenu Kuriakkose (Senior Grade Auditor, On 31-03-2021)<br>Last Updated By: T.N.Ajithan (Deputy Director, On 08-04-2021) | 1-6 |
| 9 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശങ്ങൾ<br>Written By: Sudheesh N.K (Senior Grade Auditor, On 31-03-2021)<br>Last Updated By: T.N.Ajithan (Deputy Director, On 08-04-2021) | 1-7 |
| 10 | ക്യാഷ് പരിശോധന<br>Written By: Lokesh Achary. B (Audit Officer, On 31-03-2021)<br>Last Updated By: T.N.Ajithan (Deputy Director, On 08-04-2021) | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം<br>Written By: Lokesh Achary. B (Audit Officer, On 31-03-2021)<br>Last Updated By: T.N.Ajithan (Deputy Director, On 08-04-2021) | 1-9 |
| 12 | മറ്റു ഓഡിറ്റ് നടത്തിയതിന്റെ വിവരം<br>Written By: Lokesh Achary. B (Audit Officer, On 31-03-2021)<br>Last Updated By: T.N.Ajithan (Deputy Director, On 08-04-2021) | 1-10 |
| 13 | അഗതിരഹിതകേരളം പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കേണ്ടതാണ്<br>Written By: Jenu Kuriakkose (Senior Grade Auditor, On 31-03-2021)<br>Last Updated By: T.N.Ajithan (Deputy Director, On 09-04-2021) | 1-11 |
| 14 | റോഡുകൾ കോൺക്രീറ്റ് ചെയ്തത്- ഡാറ്റയിൽ അപാകതകൾ<br>Written By: Jenu Kuriakkose (Senior Grade Auditor, On 31-03-2021)<br>Last Updated By: Jenu Kuriakkose (Senior Grade Auditor, On 31-03-2021) | 1-12 |
| 15 | തെരുവ് വിളക്ക് വാങ്ങൽ പദ്ധതി- പട്ടികവർഗ്ഗം<br>Written By: Jenu Kuriakkose (Senior Grade Auditor, On 31-03-2021)<br>Last Updated By: T.N.Ajithan (Deputy Director, On 08-04-2021) | 1-13 |
| 16 | തെരുവ് വിളക്ക് വാങ്ങൽ പദ്ധതി- പട്ടികജാതി. | 1-14 |

| | | |
|---|---|---|
| | Written By: Jenu Kuriakkose (Senior Grade Auditor, On 31-03-2021)<br>Last Updated By: T.N.Ajithan (Deputy Director, On 08-04-2021) | |
| 17 | ഹെഡ്മാസ്റ്റർ,GLPS കണ്ണൂർ - നിർവ്വഹണം നടത്തിയ പദ്ധതികൾ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.<br>Written By: Sudheesh N.K (Senior Grade Auditor, On 31-03-2021)<br>Last Updated By: T.N.Ajithan (Deputy Director, On 09-04-2021) | 1-15 |
| 18 | വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങി നൽകൽ - അപാകതകൾ.<br>Written By: Sudheesh N.K (Senior Grade Auditor, On 31-03-2021)<br>Last Updated By: T.N.Ajithan (Deputy Director, On 09-04-2021) | 1-16 |
| 19 | തൊഴിൽ നികുതി- അപാകതകൾ<br>Written By: Bindu.V.V (Auditor, On 31-03-2021)<br>Last Updated By: T.N.Ajithan (Deputy Director, On 09-04-2021) | 1-17 |
| 20 | മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികൾ- അപാകത<br>Written By: Bindu.V.V (Auditor, On 31-03-2021)<br>Last Updated By: T.N.Ajithan (Deputy Director, On 09-04-2021) | 1-18 |
| 21 | സൈഡ് വീലുള്ള സ്കൂട്ടർ വാങ്ങൽ പദ്ധതി- അപാകതകൾ<br>Written By: Sivashankara.K (Senior Grade Auditor, On 31-03-2021)<br>Last Updated By: T.N.Ajithan (Deputy Director, On 09-04-2021) | 1-19 |
| 22 | ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.<br>Written By: Sivashankara.K (Senior Grade Auditor, On 31-03-2021)<br>Last Updated By: T.N.Ajithan (Deputy Director, On 09-04-2021) | 1-20 |
| 23 | സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികൾ - രേഖകൾ ഹാജരാക്കിയിട്ടില്ല.<br>Written By: Sivashankara.K (Senior Grade Auditor, On 31-03-2021)<br>Last Updated By: T.N.Ajithan (Deputy Director, On 09-04-2021) | 1-21 |
| 24 | ഐ കെ എം ന് പഞ്ചായത്ത് വിഹിതം നൽകൽ-<br>Written By: Sivashankara.K (Senior Grade Auditor, On 31-03-2021)<br>Last Updated By: T.N.Ajithan (Deputy Director, On 09-04-2021) | 1-22 |
| 25 | ദുരിതാശ്വാസ നിധി പ്രവർത്തനമില്ല<br>Written By: Lokesh Achary. B (Audit Officer, On 01-04-2021)<br>Last Updated By: T.N.Ajithan (Deputy Director, On 09-04-2021) | 1-23 |
| 26 | പൗരാവകാശ രേഖ സംബന്ധിച്ച്-<br>Written By: Lokesh Achary. B (Audit Officer, On 01-04-2021)<br>Last Updated By: Lokesh Achary. B (Audit Officer, On 08-04-2021) | 1-24 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക സാക്ഷ്യപ്പെടുത്തിയതിന്റെ വിവരം<br>Written By: Lokesh Achary. B (Audit Officer, On 31-03-2021)<br>Last Updated By: Lokesh Achary. B (Audit Officer, On 08-04-2021) | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയാഗം<br>Written By: Lokesh Achary. B (Audit Officer, On 31-03-2021) | 4-2 |

| | | |
|---|---|---|
| | Last Updated By: T.N.Ajithan (Deputy Director, On 08-04-2021) | |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Lokesh Achary. B (Audit Officer, On 31-03-2021)<br>Last Updated By: T.N.Ajithan (Deputy Director, On 09-04-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം<br>Written By: Lokesh Achary. B (Audit Officer, On 31-03-2021)<br>Last Updated By: Lokesh Achary. B (Audit Officer, On 31-03-2021) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Lokesh Achary. B (Audit Officer, On 31-03-2021)<br>Last Updated By: Lokesh Achary. B (Audit Officer, On 01-04-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങളുടെ വിവരം<br>Written By: Lokesh Achary. B (Audit Officer, On 31-03-2021)<br>Last Updated By: Lokesh Achary. B (Audit Officer, On 31-03-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Lokesh Achary. B (Audit Officer, On 31-03-2021)<br>Last Updated By: Lokesh Achary. B (Audit Officer, On 01-04-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ<br>Written By: Lokesh Achary. B (Audit Officer, On 31-03-2021)<br>Last Updated By: T.N.Ajithan (Deputy Director, On 09-04-2021) | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Lokesh Achary. B (Audit Officer, On 31-03-2021)<br>Last Updated By: T.N.Ajithan (Deputy Director, On 09-04-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യാവലോകനം<br>Written By: Lokesh Achary. B (Audit Officer, On 31-03-2021)<br>Last Updated By: T.N.Ajithan (Deputy Director, On 09-04-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Lokesh Achary. B (Audit Officer, On 31-03-2021)<br>Last Updated By: T.N.Ajithan (Deputy Director, On 09-04-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് 2019-20 | |
| 3 | റസീറ്റ് ആന്റ് പേമെന്റ് സ്റ്റേറ്റ്മെന്റ് 2019-20 | |
| 4 | 31.03.2020 ലെ ബാലൻസ് ഷീറ്റ് | |

## ഭാഗം -1

### 1-1 ബജറ്റ്

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം, തിയതി | 1/1 തീയതി 08.02.2019 | 4(1) തീയതി 07.03.2020 |
| മുന്നിരിപ്പ് | 17,53,830 | 1,29,18,104 |
| വരവ് | 15,39,81,666 | 16,10,40,353 |
| ആകെ | 15,57,35,496 | 17,39,58,457 |
| ചെലവ് | 15,16,67,136 | 16,41,77,029 |
| നീക്കിയിരിപ്പ് | 4068360 | 97,81,428 |

### 1-2 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം

പുത്തിഗെ ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ധനകാര്യ പത്രിക 16-06-2020 ന് ഓഡിറ്റിന് സമർപ്പിച്ചിരുന്നു. ധനകാര്യ പത്രികയുടെ പരിശോധനയും സർട്ടിഫിക്കേഷനും ഓഡിറ്റ് വേളയിൽ നടത്തി.

ധനകാര്യ പത്രികയുടെ വെരിഫിക്കേഷനുമായി ബന്ധപ്പെട്ട പൊതുവായ നിരീക്ഷണങ്ങൾ, കണക്ക് സൂക്ഷിപ്പുമായി ബന്ധപ്പെട്ടുള്ള ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പരിശോധന, രശീതി പരിശോധന, അവയുടെ അടവ്, പിൻവലിക്കലുകൾ, രശീതി ബുക്കുകളുടെ സൂക്ഷിപ്പ്, തുടങ്ങിയവ സംബന്ധിച്ചുള്ള നിരീക്ഷണങ്ങൾ ചുവടെ ഉപ ഖണ്ഡികകളായി ചേർക്കുന്നു. പഞ്ചായത്തിന്റെ 2019-20 വർഷത്തെ എല്ലാ ഡി സി ബി ഇനങ്ങളുടെ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വാർഷിക ധനകാര്യ പത്രികയിലെ തുകകളും ഡി സി ബി പത്രികയിലെ തുകകളും പൊരുത്തപ്പെടുന്നില്ല.

വസ്തു നികുതിയുടെ അക്രൂവൽ വരുമാനമായി 110100101- Property Tax On Residential Buildings എന്ന ഹെഡിൽ 14,39,030 രൂപയും 11010103-Property Tax On Non Residential Buildings എന്ന ഹെഡിൽ 10,85,365 രൂപയും വരുമാനം രേഖപ്പെടുത്തിയിട്ടുണ്ട്. മൊത്തം 25,24,395 രൂപ. എന്നാൽ ഈ തുക സഞ്ചയ സോഫ്റ്റ്വെയറിലെ ഡിമാന്റ് വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല. ഡി സി ബി പത്രിക പ്രകാരം Property Tax On Residential Buildings എന്ന ഹെഡിൽ 19,48,423 രൂപയും 11010103-Property Tax On Non Residential Buildings എന്ന ഹെഡിൽ 15,44,059 രൂപയും മൊത്തം 34,92,482 രൂപയും വരുമാനം രേഖപ്പെടുത്തിയിട്ടുണ്ട്.

### 1-2-A സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തുന്നില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗ വിവരം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടികൾ സെക്രട്ടറി സ്വീകരിച്ചിട്ടില്ല.

## 1-2-B ആസ്തി രജിസ്റ്റർ കാലികമല്ല

ആസ്തി രജിസ്റ്റർ കാലഹരണപ്പെട്ടിട്ടുണ്ട്. വർഷങ്ങളായി ആസ്തി രജിസ്റ്ററിൽ പുതുക്കലുകൾ വരുത്തുകയോ കാലികമാക്കുകയോ ചെയ്തിട്ടില്ല. സചിത്ര സോഫ്റ്റ് വെയറിലെ വിവരങ്ങളും കാലികമല്ല. ആസ്തി രജിസ്റ്റർ കാലികമായി സൂക്ഷിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക സ്ഥിതി

| | |
|---|---:|
| മുന്നിരിപ്പ് | 1,84,26,362 |
| വരവ് | 4,82,10,021 |
| ആകെ | 6,66,36,383 |
| ചെലവ് | 4,37,53,899 |
| നീക്കിയിരിപ്പ് | 2,28,82,484 |

## 1-4 ഫണ്ട് വിനിയോഗം

വിവിധ ഫണ്ടുകളുടെ അലോട്ട്മെന്റ്, അവയിൽ നിന്നുള്ള ചെലവ്, വിനിയോഗിക്കാത്ത/ലാപ്സായ തുക എന്നീ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | കുറിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | 12026000 | 12026000 | 11422756 | 603244 | സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്റ്റിനായി കുറവ് ചെയ്ത തുകയായ 764740 രൂപ അടക്കമുള്ള വരവു ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്. ഇത് കൂടാതെ പഞ്ചായത്ത് നൽകിയ കണക്ക് പ്രകാരം 588186 രൂപയുടെ ബില്ലുകൾ ക്യൂ ബിൽ ആയിട്ടുണ്ട്. |
| വികസന ഫണ്ട്- എസ്.സി.പി | 0 | 3408000 | 3408000 | 1629878 | 1778122 | സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്റ്റിനായി കുറവ് ചെയ്ത തുകയായ 14706 രൂപ അടക്കമുള്ള വരവു ചെലവുകളാണ് പട്ടികയിൽ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | ചേർത്തിട്ടുള്ളത്. ഇത് കൂടാതെ<br>പഞ്ചായത്ത് നൽകിയ കണക്ക് പ്രകാരം 763790 രൂപയുടെ ബില്ലുകൾ ക്യൂ ബിൽ ആയിട്ടുണ്ട്. |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 2257000 | 2257000 | 1681436 | 575564 | സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്റ്റിനായി കുറവ് ചെയ്ത തുകയായ 88236രൂപ അടക്കമുള്ള വരവു ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്. ഇത് കൂടാതെ പഞ്ചായത്ത് നൽകിയ കണക്ക് പ്രകാരം<br>517030രൂപയുടെ ബില്ലുകൾ ക്യൂ ബിൽ ആയിട്ടുണ്ട്. |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 9194267 | 9194267 | 4138261 | 5056006 | പട്ടികയിലെ ചെലവു തുക കൂടാതെ പഞ്ചായത്ത് നൽകിയ കണക്ക് പ്രകാരം<br>3037392രൂപയുടെ ബില്ലുകൾ ക്യൂബിൽ ആയിട്ടുണ്ട് |
| മെയിന്റനൻസ് ഫണ്ട്- റോഡ് | 0 | 6598000 | 6598000 | 2667404 | 3930596 | പട്ടികയിലെ ചെലവു തുക കൂടാതെ പഞ്ചായത്ത് നൽകിയ കണക്ക് പ്രകാരം3186230രൂപയുടെ ബില്ലുകൾ ക്യൂ ആയിട്ടുണ്ട്. |
| മെയിന്റനൻസ് ഫണ്ട്- നോൺ റോഡ് | 0 | 3535000 | 3535000 | 559550 | 2975450 | . |
| മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 75524 | 26188262 | 26263786 | 26091922 | 171864 | - |
| <u>കേന്ദ്രാവിഷ്കൃത പദ്ധതികൾ-</u> | | | | | | |
| സർവ ശിക്ഷാ അഭിയാൻ | 13846 | 545 | 14391 | 0 | 14391 | . |
| സംയോജിത ശിശു വികസന പദ്ധതി | 886523 | 878347 | 1764870 | 793579 | 971291 | - |
| സമ്പൂർണ | 1282542 | 0 | 1282542 | 0 | 1282542 | - |

| | | | | | | |
|---|---|---|---|---|---|---|
| ശുചിത്വപദ്ധതി | | | | | | |
| സംസ്ഥാനാവിഷ്കൃത പദ്ധതികൾ- | | | | | | |
| വിമുക്തി | 0 | 0 | 0 | 0 | 0 | - |
| കേരളോത്സവം | 0 | 20000 | 20000 | 20000 | 0 | . |
| ബി ഫണ്ട്- | | | | | | |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 0 | 390000 | 390000 | 390000 | 0 | - |
| തൊഴിലുറപ്പ് പദ്ധതിയിൽ 100 ദിവസം തൊഴിൽ ചെയ്തവർക്കുള്ള ഇൻസെന്റീവ് | 0 | 620000 | 620000 | 620000 | 0 | - |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് | ചെലവ് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 164 | 76695807 | 92 | 32556980 | - | 72 | 56.09 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2019-20വർഷ ത്തിൽ നടപ്പാക്കേ ണ്ട പദ്ധതികളുടെ വിവരം | | 2019-20 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|
| | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| കൃഷി ഓഫീസർ | 8 | 4674033 | 8 | 3076612 | 65.8 |
| വെറ്റിനറി സർജ്ജൻ | 5 | 1688000 | 4 | 273851 | 16.2 |
| മെഡിക്കൽ ഓഫീസർ -പി.എച്ച്.സി | 1 | 800000 | 1 | 440973 | 55.1 |
| മെഡിക്കൽ ഓഫീസർ - ആയുർവ്വേദം | 1 | 240000 | 1 | 240000 | 100 |
| പ്രധാനധ്യാപകൻ | 9 | 2008954 | 7 | 1299756 | 64.7 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 4069280 | 7 | 3557981 | 87.4 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 12 | 27764704 | 7 | 10068992 | 36.3 |
| സെക്രട്ടറി | 21 | 4250418 | 15 | 2258765 | 53.1 |
| അസിസ്റ്റന്റ് സെക്രട്ടറി | 5 | 690777 | 4 | 184826 | 26.8 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 93 | 30509641 | 38 | 11155224 | 36.3 |
| ആകെ | 164 | 76695807 | 92 | 32556980 | 42.44 |

2019-20 വർഷത്തിൽ പദ്ധതി അടങ്കൽ തുകയുടെ 42.44ശതമാന മാത്രമാണ് ചെലവ് ചെയ്തത്. അസിസ്റ്റന്റ് എഞ്ചിനിയർ അടങ്കൽ തുകയുടെ 36.3 ശതമാനം മാത്രമാണ് ചെലവ് . പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാൻ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 75,524 | 13,02,193 | 13,77,717 | 12,05,853 | 1,71,864 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 2,48,86,069 | 2,48,86,069 | 2,48,86,069 | 0 |
| ആകെ | 75,524 | 26,188,262 | 2,62,63,786 | 2,60,91,922 | 1,71,864 |

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2019-20 വർഷം 564 പദ്ധതികളുൾപ്പെടുന്ന 22,55,02,930 രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 2,48,86,069 രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് തൻ വർഷം വിവിധ പദ്ധതികളിലായി ആകെ 76,419 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ലഭിച്ച 249 കുടുംബങ്ങളുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശങ്ങൾ

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 7440 | 6 |
| കർഷക തൊഴിലാളി പെൻഷൻ | 491400 | 148 |
| വിധവാപെൻഷൻ | 2834400 | 809 |
| വാർദ്ധക്യകാല പെൻഷൻ | 3600300 | 1040 |
| വികലാംഗ പെൻഷൻ | 873400 | 253 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ | 57600 | 16 |

| | | |
|---|---|---|
| പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | | |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 390000 | 13 |

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോന 26-03-2021 തീയതിയിൽ അപരാഹ്നം 3.10ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 6,527/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ പറയും പ്രകാരമാണ്.

| ക്രമ നം | തസ്തിക | എണ്ണം |
|---|---|---|
| 1 | സെക്രട്ടറി | 1 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി. | 1 |
| 3 | ഹെഡ് ക്ലർക്ക് | 1 |
| 4 | അക്കൗണ്ടന്റ് | 1 |
| 5 | സീനിയർ ക്ലാർക്ക് | 3 |
| 6 | ക്ലാർക്ക് | 3 |
| 7 | ഓഫീസ് അറ്റൻഡന്റ് | 1 |

ഓഫീസ് ജോലി വിഭജനം

ജീവനക്കാരുടെ ജോലി വിഭജനം കാലാകാലങ്ങളിൽ ഓഫീസ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടത്തിയിട്ടുണ്ട്.

ഭരണസമിതി യോഗം

ഓഡിറ്റ് വർഷം പഞ്ചായത്ത് ഭരണസമിതി കൃത്യമായി യോഗം ചേർന്നിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും കൃത്യമായി യോഗം ചേർന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്.

കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (Staff Meeting)-

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (Staff Meeting) 2019-2020 സാമ്പത്തിക വർഷം 10 തവണ ചേർന്നിട്ടുണ്ട്.

## 1-10 മറ്റു ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28.12.2020 | 24.12.2020 വരെ | 28.12.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.01.2019 | 2010-11 മുതൽ 2014-15 വരെ | 25.03.2019 |

## 1-11 അഗതിരഹിതകേരളം പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കേണ്ടതാണ്

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി ആശ്രയ ഗുണഭോക്താക്കൾക്കായി അഗതി രഹിത കേരളം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട് (പ്രൊജക്ട് നം.93,865). ഈ ഇനത്തിൽ മെഡിക്കൽ ക്യാമ്പ് നടത്തുന്നതിനായി തനത് ഫണ്ടിൽ നിന്നും ചെക്ക് നമ്പർ 43694/14-02-20 പ്രകാരം 2,944/-രൂപ ചെലവഴിച്ചിട്ടുണ്ട്.

പദ്ധതി പ്രകാരം പിൻവലിച്ച തുക കുടുംബശ്രീയുടെ 150341201020035 എന്ന കേരള ബാങ്കിലുള്ള അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. കുടുംബശ്രീയുടെ കാഷ് ബുക്ക് പ്രകാരം ഈ അക്കൗണ്ടിൽ നിന്നും ആശ്രയ ഗുണഭോക്താക്കൾക്ക് ധനസഹായമിനത്തിൽ 1,30,000/-രൂപ ചെലവഴിച്ചു. 2019-20 വർഷത്തിൽ ചലഞ്ച് ഫണ്ടിൽ നിന്നുള്ള ഭക്ഷ്യകിറ്റ് വിതരണം മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്.

ആശ്രയ പദ്ധതിയുടെ രണ്ടാം ഘട്ടം അവസാനിച്ചതിനുശേഷം സർവ്വെയുടെ അടിസ്ഥാനത്തിൽ അഗതിരഹിത കേരളം പദ്ധതിയുടെ ആക്ഷൻ പ്ലാനും ഗുണഭോക്തൃ ലിസ്റ്റും അംഗീകരിച്ച് ലഭ്യമായിട്ടുണ്ട്. അഗതി രഹിത കേരളം പദ്ധതിയുടെ ആക്ഷൻ പ്ലാൻ പ്രകാരം ആകെ 142 കുടുംബങ്ങളാണ് പദ്ധതിയുടെ ഗുണഭോക്താക്കളായി ഉള്ളത്. ആക്ഷൻ പ്ലാൻ പ്രകാരം 18,14,066 രൂപയാണ് ആകെ അടങ്കൽ കണക്കാക്കിയിട്ടുള്ളത്. താഴെപ്പറയുന്ന രീതിയിലാണ് ഫണ്ട് വകയിരുത്തൽ നടത്തിയിട്ടുള്ളത്

ചലഞ്ച് ഫണ്ട്- 7,94,400

ഗ്രാമപഞ്ചായത്ത് പ്ലാൻ ഫണ്ട്- 6,11,865

സ്പോൺസർഷിപ്പ്--12,200

തനത് ഫണ്ട് - 10,000

മെയിന്റനൻസ് ഫണ്ട് -20,000

ഹെൽത്ത് ഇൻഷ്വറൻസ് - 1,41,201

കാരുണ്യ ബെവലവന്റ് ഫണ്ട് -2,24,400

ലൈഫ് പദ്ധതിയിൽ അഗതി ഗുണഭോക്താക്കളെ പരിഗണിച്ചിട്ടില്ല. ലൈഫ് മിഷൻ ഗുണഭോക്താക്കളുടെ മുൻഗണനാ മാനദണ്ഡം പ്രകാരം അഗതികളായ ഗുണഭോക്താക്കൾക്ക് മുൻഗണന നൽകേണ്ടതാണ്. അഗതിരഹിത കേരളം ആക്ഷൻ പ്ലാൻ പ്രകാരം വീട് ആവശ്യമുള്ള 20 ഗുണഭോക്താക്കൾ ഉണ്ടെങ്കിലും ഈ ഗുണഭോക്താക്കളെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകുന്നതിനുള്ള നടപടിയൊന്നും സ്വീകരിച്ചിട്ടില്ല. .

13-ാം പദ്ധതി മാർഗ്ഗരേഖ (അവശേഷിക്കുന്ന വാർഷിക പദ്ധതികൾ) സ.ഉ (കൈ)നം.11/18/ ത.സ്വ.ഭ.വ തീയതി 29.01.18 ലെ നിർദ്ദേശങ്ങളനുസരിച്ച് അഗതി കുടുംബങ്ങളെ കണ്ടെത്തി അവർക്കായി പ്രത്യേക പരിചരണ സേവന പാക്കേജ് (ഭക്ഷണം, ആരോഗ്യസുരക്ഷ, ഭിന്നശേഷി സഹായം, കിടപ്പാടം, പാർപ്പിടം, കുടിവെള്ളം, വസ്ത്രം, വിദ്യാഭ്യാസം, തൊഴിൽ, പുനരധിവാസം തുടങ്ങിയവ) തയ്യാറാക്കേണ്ടതാണ്. പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തുവാൻ ഒരു ഉപസമിതി രൂപീകരിച്ച് പുരോഗതി റിപ്പോർട്ട് ഓരോ രണ്ട് മാസത്തിലും തയ്യാറാക്കി ഭരണസമിതിക്ക്

നൽകേണ്ടതും, ഭരണസമിതി ആയത് ചർച്ച ചെയ്ത് നടപടി റിപ്പോർട്ട് ജില്ലാ ആസൂത്രണ സമിതിക്ക് നൽകേണ്ടതുമാണ്. അഗതി കുടുംബങ്ങളുടെ മേൽനോട്ടം ചുമതലപ്പെടുത്തിയ അയൽക്കൂട്ടം ഒരു മോണിട്ടറിംഗ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

13-ാം പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ അഗതികളുടെ ആവശ്യകതക്കനുസരിച്ചുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതും, ലഭ്യമാകുന്ന തുക സമയബന്ധിതമായി വിനിയോഗിക്കേണ്ടതുമാണ്. പദ്ധതി പ്രവർത്തനത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ദാരിദ്ര്യ ലഘൂകരണ വർക്കിംഗ് ഗ്രൂപ്പ് എന്നിവരുടെ ഇടപെടൽ കാര്യക്ഷമമാക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം. 06 തീയ്യതി 30-03-2021).

## 1-12 റോഡുകൾ കോൺക്രീറ്റ് ചെയ്തത്- ഡാറ്റയിൽ അപാകതകൾ

2019-20 വർഷം വിവിധ റോഡുകളുടെ പ്രതലങ്ങൾ കോൺക്രീറ്റ് ചെയ്തിട്ടുണ്ട്. ഇതിനായി തയ്യാറാക്കിയ എസ്റ്റിമേറ്റുകളിൽ റോഡുകളുടെ പ്രതലങ്ങളുടെ സബ് ബേസ്, ബേസ് കോൺക്രീറ്റുകൾക്ക് ഒബ്സേർവ്ഡ് ഡാറ്റയാണ് തയ്യാറാക്കിക്കാണുന്നത്. MoRD ഡാറ്റയിലെ കോഡ് 11.4.3.1 (Providing Concrete For Plain/Reinforced Concrete In Open Foudations As Per Technicsal Specification Clause 802, 803, 1202 And 1203 – PCC Grade M-20- Nominal Mix (1:2:4) മോഡിഫൈ ചെയ്താണ് ഒബ്സേർവ്ഡ് ഡാറ്റ തയ്യാറാക്കിയിട്ടുള്ളത്. കോഡ് 11.4.3.1 പ്രകാരമുള്ള 1:2:4 അനുപാതത്തിലുള്ള M-20 ഗ്രേഡിലുള്ള കോൺക്രീറ്റിന്റെ ഡാറ്റയിൽ വിവിധ Coarse Aggregate കളായ 40mm, 20mm, 10mm എന്നിവയുടെ അളവ് വ്യത്യാസപ്പെടുത്തിയാണ് സബ് ബേസ് കോൺക്രീറ്റിന്റെ ഡാറ്റ തയ്യാറാക്കിയിട്ടുള്ളത്. ഇതിൽ തന്നെ 40mm Aggregate പൂർണമായും ഒഴിവാക്കിയാണ് ബേസ് കോൺക്രീറ്റിനുള്ള ഡാറ്റ തയ്യാറാക്കിയിട്ടുള്ളത്.

MoRD ഡാറ്റയിലെ കോഡ് 11.4.3.1 പ്രകാരമുള്ള 1:2:4 അനുപാതത്തിലുള്ള കോൺക്രീറ്റിനുള്ള ഡാറ്റ Nominal Mix ഡാറ്റയാണ്. ഈ നോമിനൽ മിക്സിന്റെ ഡാറ്റയിലെ ചേരുവകളും ചേരുവകളുടെ അനുപാതങ്ങളും മാറ്റാവുന്നതല്ല.

ആയതിനാൽ കോഡ് 11.4.3.1 ലെ വിവിധ ചേരുവകൾ മോഡിഫൈ ചെയ്ത് ഒബ്സേർവ്ഡ് ഡാറ്റ തയ്യാറാക്കി പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കിയത് ശരിയായ നടപടിയല്ല. MorRD ഡാറ്റയിൽ റോഡ് കോൺക്രീറ്റിന് നോമിനൽ മിക്സുകളുടെ ഡാറ്റ മാത്രമേ ഉള്ളൂവെങ്കിൽ M-20 ഗ്രേഡിലുള്ള മിക്സ് ഡിസൈൻ ചെയ്ത് മാത്രമേ എസ്റ്റിമേറ്റുകൾ തയ്യാറാക്കാമായിരുന്നുള്ളൂ. മിക്സ് ഡിസൈൻ ചെയ്യാതെ നോമിനൽ മിക്സുകളുടെ ചേരുവകൾ മോഡിഫൈ ചെയ്ത് എസ്റ്റിമേറ്റുകൾ തയ്യാറാക്കി പ്രവൃത്തികൾ നടപ്പിലാക്കിയ നടപടികൾ ശരിയല്ല.

മേൽ പരാമർശിച്ച അപാകതകൾക്ക് വിശദീകരണങ്ങൾ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 2, തിയതി 29.03.2021) അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ ഈ പ്രവൃത്തികളുടെ ഗുണനിലവാരം, കോൺക്രീറ്റിന്റെ ഉറപ്പ്, ഈടുനിൽപ്പ് എന്നിവ സംബന്ധിച്ച തുടർ പരിശോധനകൾ പഞ്ചായത്ത് കമ്മിറ്റിയും എഞ്ചിനീയറിംഗ് വിങ്ങും സംയുക്തമായി നടത്തേണ്ടതും അത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഈ ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിക്കൊപ്പം ലഭ്യമാക്കേണ്ടതാണ്.

## 1-13 തെരുവ് വിളക്ക് വാങ്ങൽ പദ്ധതി- പട്ടികവർഗ്ഗം

| | |
|---|---|
| പ്രോജക്ട് നം. | SO121/20 |
| പ്രോജക്ടിന്റെ പേര് | പട്ടികവർഗ്ഗ കോളനികളിൽ കേടായ തെരുവു വിളക്കുകൾ മാറ്റി സ്ഥാപിക്കൽ |
| നിർവ്വഹണ | അസിസ്റ്റന്റ് സെക്രട്ടറി |

| | |
|---|---|
| ഉദ്യോഗസ്ഥൻ | |
| അടങ്കൽ | 36,250/-രൂപ<br>6,200 (വികസന ഫണ്ട്-ടി.എസ്..പി)<br>30050 (തനത് ഫണ്ട് ) |
| ചെലവ് തുക | 13,554/-രൂപ<br>6,200 (വികസന ഫണ്ട്-എസ്.സി.പി)<br>7,354/- (തനത് ഫണ്ട് ) |
| ബിൽ നമ്പർ, തീയതി<br>ചെക്ക് നമ്പർ | 03/19-20 – 6,200/- തീയതി.30-03-2020<br>7,132/- ചെക്ക് നം.403611/30-03-2020<br>222-ചെക്ക് നം.43694/14-02-2020 |

ഗ്രാമ പഞ്ചായത്തിന്റെ 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നമ്പർ SO121/20 പ്രകാരം പട്ടികവർഗ്ഗ കോളനികളിൽ കേടായ തെരുവു വിളക്കുകൾ മാറ്റി സ്ഥാപിക്കുക എന്നതാണ് പ്രോജക്ടിന്റെ ലക്ഷ്യം. കേടായ 6 എണ്ണം 12വോൾട്ട് എൽ ഇ ഡി തെരുവു വിളക്കുകളാണ് വിവിധ വാർഡുകളിലെ പട്ടികവർഗ്ഗ കോളനികളിൽ മാറ്റി സ്ഥാപിക്കുന്നത്. കേടായ തെരുവു വിളക്കുകൾ ക്രൂസിൽ നിന്നും വാങ്ങി മാറ്റി സ്ഥാപിക്കുന്നതിന് 18-01-2020 തീയ്യതിയിലെ 2/4 നമ്പർ തീരുമാന പ്രകാരം അനുമതി ലഭിച്ചിരുന്നു. ആയതനുസരിച്ച് ഇൻവോയ്സ് നമ്പർ.KREWS/218/19-20 Dt. 19-02-2020 പ്രകാരം 6 എണ്ണം 12 വോൾട്ട് എൽ.ഇ.ഡി. തെരുവു വിളക്കുകളാണ് വാങ്ങിയത്.

മുകളിൽ പറഞ്ഞ പദ്ധതി പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകങ്ങൾ താഴെ പറയുന്നു.

1) ഓരോ വാർഡിലേയും തെരുവ് വിളക്കുകളുടെ വിശദാംശങ്ങൾ (പോസ്റ്റ് നമ്പർ,ഇനം, എണ്ണം Etc.) ഉൾപ്പെടുത്തി തെരുവ് വിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അതിനാൽ പഞ്ചായത്തിൽ ഇനം തിരിച്ചുള്ള വിളക്കുകളുടെ എണ്ണം ലഭ്യമല്ല. സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച വിവരങ്ങളിൽ കൃത്യത വരുത്തി പ്രസ്തുത വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2) തെരുവ് വിളക്ക് അറ്റകുറ്റപ്പണിയുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട പരാതി രജിസ്റ്റർ ഗ്രാമ പഞ്ചായത്തിൽ പരിപാലിക്കുന്നില്ല. തെരുവ് വിളക്ക് തകരാർ സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ സംബന്ധിച്ച് പോസ്റ്റ് നമ്പർ സഹിതമുള്ള വിശദാംശങ്ങളും, അവ പരിഹരിച്ചത് സംബന്ധിച്ച വിശദാംശങ്ങളും പ്രസ്തുത രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. പരാതി രജിസ്റ്റർ കുറ്റമറ്റ രീതിയിൽ പരിപാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്

3) സർക്കാർ ഉത്തരവ് (എം. എസ്) 1093/2017 ത.സ്വ.ഭ.വ. തി. 5.4.2017 പ്രാകാരം ആണ് ക്രൂസിൽ നിന്നും എൽ. ഇ.ഡി. വിളക്കുകൾ വാങ്ങാൻ തീരുമാനിച്ചത്. ഈ ഉത്തരവിൽ കേരള ഗ്രാമജ്യോതി ലൈറ്റിംഗ് പൂർണ്ണമായി സ്വന്തമായി ഉത്പാദിപ്പിക്കുന്ന ഇലക്ട്രിക്കൽ അനുബന്ധ ഉപകരണങ്ങൾ നേരിട്ടു വാങ്ങുന്നതിനാണ് അനുമതി നൽകിയത്. എന്നാൽ ഇൻവോയ്സിൽ നിന്നും പ്രകാരം ഇവ സ്വന്തമായി നിർമ്മിച്ചതാണോ എന്ന കാര്യം വ്യക്തമാകുന്നില്ല.

4)തെരുവു വിളക്കുകൾ ഏതൊക്കെ പോസ്റ്റിലാണ് സ്ഥാപിച്ചത് എന്ന് വ്യക്തമാക്കുന്നില്ല. അതിനാൽ ഇതിന്റെ ആധികാരികത വ്യക്തമല്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് നടത്തിയതിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല, സ്റ്റാന്റിംഗ് കമ്മിറ്റി ഇതു സംബന്ധിച്ച് പരിശോധന നടത്തിയിയതിന്റെ മിനുറ്റ്സും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

5) പുതുതായി സ്ഥാപിക്കുന്ന തെരുവ് വിളക്കുകൾക്ക് ലഭിക്കേണ്ട വാറന്റി കാലയളവിലെ സേവനങ്ങൾ കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

പ്രൊജക്ട് തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് മേൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 7 തീയ്യതി 31-03-2021)

1-14 തെരുവ് വിളക്ക് വാങ്ങൽ പദ്ധതി- പട്ടികജാതി.

| | |
|---|---|
| പ്രോജക്ട് നം. | S0016/20 |
| പ്രോജക്ടിന്റെ പേര് | പട്ടികജാതി കോളനികളിൽ കേടായ തെരുവു വിളക്കുകൾ മാറ്റി സ്ഥാപിക്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | 195350/- രൂപ<br>189000 (വികസന ഫണ്ട്-എസ്.സി.പി)<br>6350 (തനത് ഫണ്ട് ) |
| ചെലവ് തുക | 1,83,010/-രൂപ<br>1,79,982/- (വികസന ഫണ്ട്-എസ്.സി.പി)<br>3028/- (തനത് ഫണ്ട് ) |
| വൗച്ചർ നമ്പർ, തീയതി<br>ചെക്ക് നമ്പർ | 22000402/12-04-2020<br>3,028/- ചെക്ക് നം.43694/14-02-2020 |

ഗ്രാമ പഞ്ചായത്തിന്റെ 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നമ്പർ S0016/20 പ്രകാരം പട്ടികജാതി കോളനികളിൽ കേടായ തെരുവു വിളക്കുകൾ മാറ്റി സ്ഥാപിക്കുക എന്നതാണ് പ്രോജക്ടിന്റെ ലക്ഷ്യം. കേടായ 81 എണ്ണം 12 വോൾട്ട് എൽ.ഇ.ഡി. തെരുവു വിളക്കുകളാണ് വിവിധ വാർഡുകളിലെ പട്ടികജാതി കോളനികളിൽ മാറ്റി സ്ഥാപിക്കുന്നത്. കേടായ തെരുവു വിളക്കുകൾ ക്രൂസിൽ നിന്നും വാങ്ങി മാറ്റി സ്ഥാപിക്കുന്നതിന് 18-01-2020 തീയ്യതിയിലെ 2/3 നമ്പർ തീരുമാന പ്രകാരം അനുമതി ലഭിച്ചിരുന്നു. ആയതനുസരിച്ച് ഇൻവോയ്സ് നമ്പർ.KREWS/217/19-20 Dt. 19-02-2020 പ്രകാരം 81എണ്ണം 12 വോൾട്ട് എൽ ഇ ഡി തെരുവു വിളക്കുകളാണ് വാങ്ങിയത്. പ്രസ്തുത പ്രോജക്ടിന്റെ തുക മാറുന്നതിനായി 30-03-2020 ന് ട്രഷറിയിൽ സമർപ്പിച്ചിരുന്നെങ്കിലും ബിൽ ക്യൂബിൽ ആയതിനാൽ ഈ പ്രോജക്ട് സ്പിൽഓവറായി (പ്രോജക്ട് നം. S0141) നടത്തിയാണ് തുക കേരള റൂറൽ എംപ്ലോയ് മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റിക്ക് നൽകിയത്.

മുകളിൽ പറഞ്ഞ പദ്ധതി പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകങ്ങൾ താഴെ പറയുന്നു.

1) ഓരോ വാർഡിലേയും തെരുവ് വിളക്കുകളുടെ വിശദാംശങ്ങൾ (പോസ്റ്റ് നമ്പർ, ഇനം, എണ്ണം Etc.) ഉൾപ്പെടുത്തി തെരുവ് വിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അതിനാൽ പഞ്ചായത്തിൽ ഇനം തിരിച്ചുള്ള വിളക്കുകളുടെ എണ്ണം ലഭ്യമല്ല. സംയുക്ത പരിശോധന

നടത്തി തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച വിവരങ്ങളിൽ കൃത്യത വരുത്തി പ്രസ്തുത വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2) തെരുവ് വിളക്ക് അറ്റകുറ്റപ്പണിയുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട പരാതി രജിസ്റ്റർ ഗ്രാമ പഞ്ചായത്തിൽ പരിപാലിക്കുന്നില്ല. തെരുവ് വിളക്ക് തകരാർ സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ സംബന്ധിച്ച് പോസ്റ്റ് നമ്പർ സഹിതമുള്ള വിശദാംശങ്ങളും, അവ പരിഹരിച്ചത് സംബന്ധിച്ച വിശദാംശങ്ങളും പ്രസ്തുത രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. പരാതി രജിസ്റ്റർ കുറ്റമറ്റ രീതിയിൽ പരിപാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്

3) സർക്കാർ ഉത്തരവ് (എം. എസ്) 1093/2017 തസ്വഭവ തി. 5.4.2017 പ്രാകാരം ആണ് ക്രൂസിൽ നിന്നും എൽ ഇ ഡി വിളക്കുകൾ വാങ്ങാൻ തീരുമാനിച്ചത്. ഈ ഉത്തരവിൽ കേരള ഗ്രാമജ്യോതി ലൈറ്റിംഗ് പൂർണ്ണമായി സ്വന്തമായി ഉത്പാദിപ്പിക്കുന്ന ഇലക്ട്രിക്കൽ അനുബന്ധ ഉപകരണങ്ങൾ നേരിട്ടു വാങ്ങുന്നതിനാണ് അനുമതി നൽകിയത്. എന്നാൽ ഇൻവോയ്സിൽ നിന്നും പ്രകാരം ഇവ സ്വന്തമായി നിർമ്മിച്ചതാണോ എന്ന കാര്യം വ്യക്തമാകുന്നില്ല.

4)തെരുവു വിളക്കുകൾ ഏതൊക്കെ പോസ്റ്റിലാണ് സ്ഥാപിച്ചത് എന്ന് വ്യക്തമാക്കുന്നില്ല. അതിനാൽ ഇതിന്റെ ആധികാരികത വ്യക്തമല്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് നടത്തിയതിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. സ്റ്റാന്റിംഗ് കമ്മിറ്റി ഇതു സംബന്ധിച്ച് പരിശോധന നടത്തിയിയതിന്റെ മിനുറ്റ്സും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

5) പുതുതായി സ്ഥാപിക്കുന്ന തെരുവ് വിളക്കുകൾക്ക് ലഭിക്കേണ്ട വാറന്റി കാലയളവിലെ സേവനങ്ങൾ കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

പ്രൊജക്ട് തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് മേൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം. 7 തീയ്യതി 31-03-2021).

## 1-15 ഹെഡ്മാസ്റ്റർ,GLPS കണ്ണൂർ - നിർവ്വഹണം നടത്തിയ പദ്ധതികൾ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

താഴെക്കൊടുത്തിരിക്കുന്ന പദ്ധതികളുടെ നടത്തിപ്പിനായി ഹെഡ്മാസ്റ്റർ തുക കൈമാറിയിട്ടുണ്ട്.

| ക്രമ നം. | പ്രോജക്റ്റ് നം. | വകയിരുത്തൽ. | ബിൽ നം.& തീയ്യതി./ തുക | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|
| 1 | 63/2020 പ്ലസ് വൺ തുല്യതാ പരീക്ഷ -കന്നഡ പുസ്തകം വാങ്ങൽ | വികസന ഫണ്ട്(സാധാ) 1,00,000/- | 02/2019-20 തീ.18.07.2019 1,00,000/- | കേരള സംസ്ഥാന സാക്ഷരതാ മിഷൻ (50,000/-) ജില്ലാ പഞ്ചായത്ത് (50,000/-) |
| 2 | 09/2020 പത്താം തരം | വികസന ഫണ്ട്(സാധാ) 50,000/- | 12/2019-20 തീ.10.03.2020 50,000/- | കേരള സംസ്ഥാന സാക്ഷരതാ മിഷൻ |

| | | | | |
|---|---|---|---|---|
| | തുല്യതാ പരീക്ഷ | | | |
| 3 | 61/2020 പ്ലസ് വൺ തുല്യതാ പരീക്ഷ | വികസന ഫണ്ട്(സാധാ) 1,10,000/- | 13/2019-20 തീ.10.03.2020 41,800/- | കേരള സംസ്ഥാന സാക്ഷരതാ മിഷൻ 41,800/- |
| | ആകെ | | 1,91,800 | |

എന്നാൽ തുകയുടെ കൈപ്പറ്റ് വിവരമോ വിനിയോഗ സാക്ഷ്യപത്രമോ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. ഇക്കാരണത്താൽ ചെലവ് തുകയായ 1,91,800/- രൂപ തടസ്സപ്പെടുത്തുന്നു.

1-16 വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങി നൽകൽ - അപാകതകൾ.

1. പ്രോജക്റ്റ് നം: പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മേശയും കസേരയും

വകയിരുത്തൽ: വികസന ഫണ്ട് ( എസ് സി പി ) 1,75,000/-

ബിൽ നം : 08/2019-20 തീ.13.03.2020 1,74,972/-

നിർവ്വഹണോദ്യോഗസ്ഥൻ- ഹെഡ്മാസ്റ്റർ,GLPS കണ്ണൂർ

A. പട്ടിക ജാതിയിൽ പെട്ട വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ പുരോഗതി ലക്ഷ്യമിട്ട് കൊണ്ട് പഠനാവശ്യത്തിനായി മേശയും കസേരയും വാങ്ങാൻ വേണ്ടി വിഭാവനം ചെയ്ത മേൽ പദ്ധതി പ്രകാരം കേരള ആർട്ടിസൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും 35 കുട്ടികൾക്ക് സ്റ്റീൽ ടേബിളും സ്റ്റീൽ ചെയറും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്(ഇൻവോയിസ് നം.NRO/SALES/357 തീ.28.12.2019). എന്നാൽ പ്രൈമറി വിഭാഗം കുട്ടികൾക്ക് നൽകണമെന്ന പ്രോജക്റ്റ് മാനദണ്ഡം പാലിച്ചതായി കാണുന്നില്ല. ആകെ 56 പേരുടെ ഗുണഭോക്തൃ പട്ടിക 19.08.2019 ലെ 1/1 നം. ഭരണസമിതി തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ടെങ്കിലും സാമഗ്രികൾ നൽകിയ 35 കുട്ടികളിൽ താഴെപ്പറയുന്ന വിദ്യാർത്ഥികൾ ഉയർന്ന ക്ലാസുകളിൽ പഠിക്കുന്നതായി അപേക്ഷകൾ പരിശോധിച്ചതിൽ നിന്നും ബോധ്യപ്പെട്ടിട്ടുണ്ട്.

| ഭരണസമിതി അംഗീകരിച്ച ലിസ്റ്റിലെ ക്രമ നമ്പറും പേരും | വാർഡ് നം. | പഠിക്കുന്ന ക്ലാസ് |
|---|---|---|
| ക്രമ നം.28. സുധീഷ്, S/O ലക്ഷ്മണ | X | എട്ടാം തരം |
| ക്രമ നം.30. സ്നേഹ ജെ.പി, D/O ധന്യ എം | XIV | എട്ടാം തരം |
| ക്രമ നം.33. ജയപ്രസാദ് ,S/O ഐശ്വര്യ | X | പത്താം തരം |
| ക്രമ നം.34. ജിതീഷ് എം, S/O വിനോദ് കുമാർ | VIII | പത്താം തരം |
| ക്രമ നം.35. ധന്യലക്ഷ്മി, D/O നാരായണ | V | പത്താം തരം |

B. മറ്റു വകുപ്പുകളിൽ നിന്നും ഇതേ ആനുകൂല്യം കൈപ്പറ്റിയിട്ടില്ല എന്ന് തെളിയിക്കുന്നതിനായി മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്ത് പട്ടികജാതി വികസന ഓഫീസർ 22.06.2020 ലെ 185/2020 നം കത്ത് പ്രകാരം 35 കുട്ടികൾക്ക് ഈ ആനുകൂല്യം നൽകിയിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഭരണസമിതി അംഗീകരിച്ച ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും യഥാർത്ഥത്തിൽ മേശയും കസേരയും നൽകിയതുമായ താഴെക്കൊടുത്തിരിക്കുന്ന കുട്ടികളുടെ പേരുകൾ പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തിയ ലിസ്റ്റിൽ കാണിച്ചിട്ടില്ല.

| ക്രമ നം. | കുട്ടിയുടെ പേര് (ഭരണസമിതി ലിസ്റ്റ് ക്രമ നം) | വാർഡ് നം. |
|---|---|---|
| 1 | മോഹൻ കൃഷ്ണ, S/O ഉമേശ (ക്രം.നം.27) | X |
| 2 | സുധീഷ്, S/O ലക്ഷ്മണ (ക്രം.നം.28) | X |
| 3 | ധന്യശ്രീ, D/O മാധവ (ക്രം.നം.29) | VII |
| 4 | സ്നേഹ ജെ പി, D/O ധന്യ എം (ക്രം.നം.30) | XIV |
| 5 | ആവണി പ്രദീപ്, D/O പ്രദീപ് കുമാർ (ക്രം.നം.31) | V |
| 6 | ഹർഷിദ, D/O സുന്ദര (ക്രം.നം.32) | XI |
| 7 | ജയ പ്രസാദ്, S/O ഐശ്വര്യ (ക്രം.നം.33) | X |
| 8 | ജിതീഷ് എം,S/O വിനോദ് കുമാർ (ക്രം.നം.34) | VIII |
| 9 | ധന്യലക്ഷ്മി, D/O നാരായണ (ക്രം.നം.35) | V |

C. പദ്ധതി പൂർത്തീകരണ മോണിറ്ററിംഗ് കമ്മിറ്റി സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

2. പ്രോജക്റ്റ് നം: പട്ടികവർഗത്തിൽ പെട്ട വിദ്യാർത്ഥികൾക്ക് മേശയും കസേരയും

വകയിരുത്തൽ: വികസന ഫണ്ട് ( ടി എസ് പി ) 1,25,000/-

ബിൽ നം : 09/2019-20 തീ.13.03.2020 തുക 99,984/-

പട്ടിക വർഗത്തിൽ പെട്ട കുട്ടികൾക്ക് വിദ്യാഭ്യാസ പുരോഗതി ലക്ഷ്യമിട്ട് കൊണ്ട് പഠനാവശ്യത്തിനായി മേശയും കസേരയും വാങ്ങാൻ വേണ്ടി വിഭാവനം ചെയ്ത മേൽ പദ്ധതി പ്രകാരം കേരള ആർട്ടിസൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും 20 കുട്ടികൾക്ക് സ്റ്റീൽ ടേബിളും സ്റ്റീൽ ചെയറും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്(ഇൻവോയിസ് നം.NRO/SALES/358 തീ.28.12.2019). എന്നാൽ മറ്റു വകുപ്പുകളിൽ നിന്നും ഇതേ ആനുകൂല്യം കൈപ്പറ്റിയിട്ടില്ല എന്ന് തെളിയിക്കുന്നതിനായി യാതൊരു രേഖയും ഫയലിൽ ലഭ്യമല്ല. പദ്ധതി പൂർത്തീകരണ മോണിറ്ററിംഗ് കമ്മിറ്റി സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് നിർവ്വഹണോദ്യോഗസ്ഥയുടെ വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി -03 തിയതി 29.03.2021)

<u>1-17 തൊഴിൽ നികുതി- അപാകതകൾ</u>

## തൊഴിൽ നികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെക്കൊടുക്കുന്നു.

<u>1. തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്</u>

താഴെക്കൊടുത്തിരിക്കുന്ന ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് സംഭവിച്ചിട്ടുണ്ട്.

| ക്രമ നം. | ജീവനക്കാരന്റെ പേരും തസ്തികയും | സ്ഥാപനത്തിന്റെ പേര് | ആകെ അർദ്ധ വാർഷിക വരുമാനം | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | കുറവ് |
|---|---|---|---|---|---|---|
| 1 | ഷിഹാബുദ്ധീൻ ടി എച്ച്, അസി (അക്കൗണ്ട്സ്) | HAL | 2,99,014 (ഒന്നാം അർദ്ധ വർഷം) | 1250 | 600 | 650 |
| 2 | ശ്രീജ പി. സീനി. അസി. (സിവിൽ) | HAL | 1,70,260 (ഒന്നാം അർദ്ധ വർഷം) | 1250 | 800 | 450 |
| 3 | അഖിലേഷ് കുമാർ നിഗം, സീനി.അസി(IMM) | HAL | 3,65,261 (ഒന്നാം അർദ്ധ വർഷം) | 1250 | 1000 | 250 |
| 4 | അശ്വിൻ ജോസഫ്, ഡെപ്യൂട്ടി മാനേജർ(HG) | HAL | 2,74,557 (ഒന്നാം അർദ്ധ വർഷം) | 1250 | 600 | 650 |
| 5 | എ.വി. മുരളീ കൃഷ്ണ, DGM(Ksg) | HAL | 15,29,313 (ഒന്നാം അർദ്ധ വർഷം) | 1250 | 1000 | 250 |
| 6 | എ.സി. റാവു, | HAL | 17,29,339 | 1250 | 200 | 1000 |

| | | | | | | |
|---|---|---|---|---|---|---|
| | AGM(A& I ) | | (ഒന്നാം അർദ്ധ വർഷം) | | | |
| 7 | പേര് രേഖപ്പെടു ത്തിയിട്ടില്ല. (പത്രിക ക്രമ നം.8) | HAL | 3,18,468 (ഒന്നാം അർദ്ധ വർഷം) | 1250 | 600 | 650 |
| 8 | ബാലകൃഷ്ണ നായിക് ബി, ജൂനിയർ ക്ലർക്ക് | പുത്തിഗെ-എൻമകജെ കോ-ഓപ്പറേറ്റീവ് അർബൻ സൊസൈറ്റി | 1,27,374 (ഒന്നാം അർദ്ധ വർഷം) | 1250 | 1000 | 250 |
| 9 | ബാലകൃഷ്ണ നായിക് ബി, ജൂനിയർ ക്ലർക്ക് | പുത്തിഗെ-എൻമകജെ കോ-ഓപ്പറേറ്റീവ്-അർബൻ സൊസൈറ്റി | 1,34,474 (രണ്ടാം അർദ്ധ വർഷം) | 1250 | 1000 | 250 |
| 10 | നാരായണ എസ്, നൈറ്റ് വാച്ച്മാൻ | പുത്തിഗെ-എൻമകജെ കോ-ഓപ്പറേറ്റീവ്-അർബൻ സൊസൈറ്റി | 1,27,996 (രണ്ടാം അർദ്ധ വർഷം) | 1250 | 1000 | 250 |
| 11 | സന്ദേഷ് കെ, അറ്റൻഡർ | പുത്തിഗെ-എൻമകജെ കോ-ഓപ്പറേറ്റീവ്-അർബൻ സൊസൈറ്റി | 1,19,173 (ഒന്നാം അർദ്ധ വർഷം) | 1000 | 450 | 550 |
| 12 | സന്ദേഷ് കെ, അറ്റൻഡർ | പുത്തിഗെ-എൻമകജെ കോ-ഓപ്പറേറ്റീവ്-അർബൻ സൊസൈറ്റി | 1,19,266 (രണ്ടാം അർദ്ധ വർഷം) | 1000 | 450 | 550 |
| | | | | | ആകെ കുറവ് | 5,750 |

നികുതിയിനത്തിൽ കുറവു വന്ന തുക ഈടാക്കേണ്ടതാണ്.

2. എസ്.ഡി.പി.എ. എച്ച്.എസ്.എസ്, ധർമ്മത്തടുക്ക എന്ന സ്ഥാപനത്തിലെ ജീവനക്കാർ ഒന്നാം അർദ്ധ വർഷം അഞ്ച് ജീവനക്കാരുടെ നികുതിയിനത്തിൽ 6250/- രൂപ അടവാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനത്തിലെ ജീവനക്കാരുടെ രണ്ടാം അർദ്ധവർഷത്തിലെ നികുതി ഈടാക്കിയതായി കാണുന്നില്ല.

3.ബി.എസ്.എൻ.എൽ. കണ്ണൂർ, കട്ടത്തടുക്ക ടെലിഫോൺ എക്സ്ചേഞ്ച് ജീവനക്കാരുടെ രണ്ട് അർദ്ധ വർഷത്തേയും നികുതി ഈടാക്കിയിട്ടില്ല.

4. ഹിന്ദുസ്ഥാൻ എയറോനോട്ടിക്കൽ ലിമിറ്റഡ് എന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി, 64,372/- രൂപ, രസീത് നം.120090500001/ 13-05-2020

പ്രകാരം ഈടാക്കിയിട്ടുണ്ട്. എന്നാൽ തൊഴിൽ നികുതി പത്രിക ഹാജരാക്കുകയോ തൊഴിൽ നികുതി റജിസ്റ്ററിൽ രേഖപ്പെടുത്തൽ വരുത്തുകയോ ചെയ്തിട്ടില്ല. അതു കൊണ്ട് രണ്ടാം അർദ്ധ വർഷത്തെ നികുതി അടവിന്റെ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

(ഓഡിറ്റ് എൻക്വയറി - 05 തിയതി 30.03.2021).

1-18 മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികൾ- അപാകത

1. പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റി / പാലിയേറ്റീവ് ഇംപ്ലിമെന്റേഷൻ കമ്മിറ്റി യോഗങ്ങൾ ചേരുന്നില്ല.

| | |
|---|---|
| പ്രോജക്ട് നം. | 123/2019-20 |
| പ്രോജക്ടിന്റെ പേര് | സാന്ത്വന പരിചരണം |
| അടങ്കൽ | 6,00,000/- |
| ആകെ ചെലവ് | 4,40,973/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, പുത്തിഗെ. |

സ.ഉ(സാധാ) നം.3217/2015/ത.സ്വ.ഭ.വ. തീയ്യതി.29.10.2015 നമ്പർ ഉത്തരവിലെയും, സ.ഉ. (സാധാ) നം.553/2019/ ത.സ്വ.ഭ.വ. തീയ്യതി.7.3.2019 നമ്പർ ഉത്തരവിലേയും മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചു കൊണ്ട് പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി (PMC) രൂപീകരിച്ച് രണ്ട് മാസത്തിലൊരിക്കലോ ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന് തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിനും പരിമിതികൾ മറികടക്കുന്നതിനും ആവശ്യമായ തീരുമാനങ്ങൾ കൈകൊള്ളേണ്ടതുമാണ്. പുത്തിഗെ ഗ്രാമ പഞ്ചായത്തിൽ PMC യുടെ യോഗം 2019-20 സാമ്പത്തിക വർഷത്തിൽ 03.07.2019, 26.09.2019, 20.12.2019, 04.03.2020 എന്നീ തീയ്യതികളിൽ ചേർന്നിട്ടുണ്ട്.

പാലിയേറ്റീവ് കെയർ ഇംപ്ലിമെന്റേഷൻ കമ്മിറ്റി (P.I.C) എല്ലാമാസവും 5-ാം തീയ്യതിക്കു മുമ്പായി യോഗം ചേർന്ന് പാലിയേറ്റീവ് കെയർ നിർവ്വഹണം വിലയിരുത്തേണ്ടതാണ്. ആവശ്യമെങ്കിൽ രണ്ട് പ്രതിമാസ യോഗങ്ങൾക്കിടയിലും ഈ കമ്മിറ്റിക്ക് യോഗംചേരാം. P.I.C യുടെ യോഗം 2019-20 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ ഒരു തവണ മാത്രമാണ് നടത്തിയിട്ടുള്ളത് (29.09.2019). ഭാവിയിൽ സർക്കാർ നിർദേശങ്ങൾക്കനുസൃതമായി പ്രതിമാസ യോഗങ്ങൾ വീഴ്ച്ച കൂടാതെ നടത്തി പാലിയേറ്റീവ് കെയർ നിർവ്വഹണം വിലയിരുത്തുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2.പാലിയേറ്റീവ് കെയർ - രോഗികളുടെ പേര് വിവരം വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നില്ല.

29.10.2015-ലെ സ.ഉ(സാധാ) നമ്പർ 3217/2015/ത.സ്വ.ഭ.വ ഖണ്ഡിക 2-5(6) പ്രകാരം നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്ന രോഗികളുടെ പേര് വിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്. നോമിനൽ രജിസ്റ്ററിൽ കാലാകാലങ്ങളിൽ വരുത്തുന്ന കൂട്ടിച്ചേർക്കലുകളും ഒഴിവാക്കലുകളും വെബ്സൈറ്റിലെ ലിസ്റ്റിലും വരുത്തേണ്ടതാണ്. വെബ്സൈറ്റിൽ ലിസ്റ്റ് പ്രസിദ്ധീകരിക്കാതെ പാലിയേറ്റീവ് കെയർ പ്രോജക്ടിൽ നിന്നും തുക ചെലവഴിക്കാൻ പാടില്ല. മേൽ ഉത്തരവ് പ്രകാരം നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്ന രോഗികളുടെ പേര് വിവരം തദ്ദേശഭരണസ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചതായി കാണുന്നില്ല. ആയത് തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>3. ക്യഷ് ബുക്ക് നിശ്ചിത ഫോർമാറ്റിൽ സൂക്ഷിക്കുന്നില്ല</u>

ജി.ഒ.(പി) നം.177/2006/ഫിൻ തീ.12.04.2006 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ TR 7A ക്യാഷ്ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റേയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റേയും വരവ് ചെലവ് വിവരം രേഖപ്പെടുത്തേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ TR 7A ക്യഷ് ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല. ( ഓഡിറ്റ് എൻക്വയറി - 04 തിയതി 30.03.2021 )

<u>1-19 സൈഡ് വീലുള്ള സ്കൂട്ടർ വാങ്ങൽ പദ്ധതി- അപാകതകൾ</u>

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 132/2019-20 |
| പ്രൊജക്ടിന്റെ പേര് | അംഗപരിമിതർക്ക് മുച്ചക്ര വാഹനം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| വകയിരുത്തിയ തുക | വികസന ഫണ്ട് (സാധാ) 3,28,000/- |
| ബിൽ നമ്പർ/ തീയതി/തുക | 1. 01/2019-20 തീ. 28.05.2019 1,68,000/-<br>2. 02/2019-20 തീ. 15.06.2019 56,000/-<br>3. 04/2019-20 തീ. 21.06.2019 24,000/-<br>4. 05/2019-20 തീ. 12.07.2019 56,000/-<br>5. 06/2019-20 തീ. 26.07.2019 24,000/-<br>ആകെ 3,28,000/- |

മേൽ പ്രോജക്ട് നമ്പർ പ്രകാരം പഞ്ചായത്ത് പരിധിയിലുള്ള അംഗപരിമിതർക്ക് സൈഡ് വീലോടു കൂടിയ സ്കൂട്ടർ വാങ്ങി നൽകുന്ന പദ്ധതിയുമായി ബന്ധപ്പെട്ട് 5 ഗുണഭോക്താക്കൾക്ക് ഇൻവോയ്സ് നമ്പർ.5382/18-19 തീയ്യതി 13.03.2019, ഇൻവോയ്സ് നമ്പർ.5428/18-19 തീയ്യതി 18.03.2019, ഇൻവോയ്സ് നമ്പർ.0136/18-19 തീയ്യതി 27.03.2019, ഇൻവോയ്സ് നമ്പർ.5429/18-19 തീയ്യതി 18.03.2019 എന്നിവ പ്രകാരം 3,28,000/- രൂപ കെൽട്രോൺ, മലപ്പുറം എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ആയത് പ്രകാരം 5 ഗുണഭോക്താക്കൾക്ക് സ്കൂട്ടർ വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ ഡ്രൈവിംഗ് ലൈസൻസ്, വാഹനത്തിന്റെ റജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ജില്ലാ-ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ഇതേ ആനുകൂല്യം മുമ്പ് ലഭിച്ചിട്ടില്ല എന്നതിന്റെ ജില്ലാ-ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരിൽ നിന്നുമുള്ള

സാക്ഷ്യപത്രം എന്നിവ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയത് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം- 09 /31.03.2021)

**1-20 ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.**

പുത്തിഗെ ഗ്രാമ പഞ്ചായത്തിലെ 23 അംഗൻവാടി സെന്ററുകൾ വഴി വിതരണം ചെയ്യുന്നതിനുള്ള ന്യൂട്രിമിക്സ് ഭക്ഷ്യമിശ്രിതം ഹരിശ്രീ ഫുഡ് സപ്ലിമെന്റ് യൂണിറ്റ്, ചെങ്കള എന്ന സ്ഥാപനത്തിൽ നിന്നും വിവിധ മാസങ്ങളിലായി നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ് സൂപ്പർവൈസർ വാങ്ങിയിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ ആകെ 10,994.50 കി.ഗ്രാം ന്യൂട്രിമിക്സ് വാങ്ങിയതിന് 7,69,615/- രൂപ മേൽ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ 01.02.2010, 05.06.2010 എന്നീ തീയ്യതികളിലെ ഐ.സി.ഡി.എസ്.ബി. 3-312/2010 നമ്പർ കത്തുകൾ പ്രകാരം ഓരോ രണ്ട് മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കണം എന്ന് നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ ഇത്തരത്തിലുള്ള പരിശോധനകൾ നടത്തിയിട്ടുള്ളതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനത്തിൽ നിർമ്മിക്കുന്ന ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം- 10/31.03.2021)

**1-21 സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികൾ - രേഖകൾ ഹാജരാക്കിയിട്ടില്ല.**

2019-20 വർഷത്തിൽ പഞ്ചായത്ത് സെക്രട്ടറി പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെക്കൊടുത്തിരിക്കുന്ന തുക കെ.എസ്.ഇ.ബിയിൽ നിക്ഷേപിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

| ക്രമ നം. | പ്രോജക്റ്റ് നം. & പേര് | ബിൽ നം. & തുക | ഡെപ്പോസിറ്റ് സ്വീകരിച്ച സ്ഥാപനം | റിമാർക്സ് |
|---|---|---|---|---|
| 1 | പ്രോ.നം. 207/2020 തളമുഗർ-ധർമ്മത്തടുക്ക അങ്കണവാടികൾക്ക് വൈദ്യുതി. | തനതു ഫണ്ട് 43,597/- (വൗ.നം. 21900935 തീ.30.03.2020) | അസി.എഞ്ചിനീയർ, കെ.എസ്.ഇ.ബി., പൈവളിഗെ | പ്രവൃത്തിയുടെ പൂർത്തീകരണ സാക്ഷ്യപത്രം, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. |
| | ആകെ | 43,597 | | |

ഓഡിറ്റ് എൻക്വയറി നം- 11/31.03.2021 പ്രകാരം രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുകയായ 43,597/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

**1-22 ഐ കെ എം ന് പഞ്ചായത്ത് വിഹിതം നൽകൽ-**

2019-20 വർഷത്തിൽ പഞ്ചായത്ത് സെക്രട്ടറി പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട്

താഴെക്കൊടുത്തിരിക്കുന്ന തുക ഐ.കെ.എം നുള്ള പഞ്ചായത്തിന്റെ വിഹിതമായി കൈമാറിയിട്ടുണ്ട്.

| ക്രമ നം. | പ്രോജക്റ്റ് നം. & പേര് | ബിൽ നം. & തുക | തുക സ്വീകരിച്ച സ്ഥാപനം |
|---|---|---|---|
| 1 | പ്രോ.നം.05/2020<br>ഐ.കെ.എം. ന് പഞ്ചായത്ത് വിഹിതം. | 12/ 20.09.2019<br>67,208/-<br>21/18.03.20<br>7792/-<br>=75,000/- | ഐ.കെ.എം. |
| | ആകെ | 75,000/- | |

ഇപ്രകാരം ഐ.കെ.എം ന് കൈമാറിയ തുകയുടെ വിനിയോഗ വിവരം പഞ്ചായത്തിന് ലഭിച്ചിട്ടില്ല. ഓഡിറ്റ് എൻക്വയറി നം- 11/31.03.2021 പ്രകാരം തുകയുടെ വിനിയോഗം സംബന്ധിച്ച വിശദവിവരങ്ങൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുകയായ 75,000/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-23 ദുരിതാശ്വാസ നിധി പ്രവർത്തനമില്ല

2003ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം ഗ്രാമ പഞ്ചായത്തുകളിൽ ദുരിതാശ്വാസ നിധി രൂപീകരിക്കേണ്ടതാണ്. പുത്തിഗെ ഗ്രാമ പഞ്ചായത്ത് കേരള ഗ്രാമീണ ബാങ്കിന്റെ സീതാംഗോളി ശാഖയിൽ ഇതിനായ് ഒരു അക്കൗണ്ട് (നം 10999) ആരംഭിച്ചിട്ടുണ്ട്. ഈ സീറോ ബാലൻസ് അക്കൗണ്ടിൽ തുകയൊന്നുംതന്നെ നാളിതുവരെ നിക്ഷേപിച്ചിട്ടില്ല. ദുരിതാശ്വാസ നിധിയിൽനിന്നും ആർക്കും ഇതുവരെ ധനസഹായവും നൽകിയിട്ടില്ല. ദുരിതാശ്വാസ നിധി ആരംഭിച്ചതല്ലാതെ, ചട്ട പ്രകാരം ചെയ്യേണ്ടതായ മറ്റ് പ്രവർത്തനങ്ങളൊന്നും ഗ്രാമ പഞ്ചായത്തിൽ നടന്നിട്ടില്ല. ആയതിനാൽ പഞ്ചായത്തിന്റെ ദുരിതാശ്വാസ നിധിയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.

## 1-24 പൗരാവകാശ രേഖ സംബന്ധിച്ച്-

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 272 (എ ) പ്രകാരം ഗ്രാമപഞ്ചായത്ത് പൗരാവകാശരേഖ രേഖ തയ്യാറാക്കി പ്രസിദ്ധപ്പെടുത്തേണ്ടതുണ്ട്. 2004 ലെ കേരള പഞ്ചായത്ത് രാജ് (പൗരാവകാശ രേഖ തയ്യാറാക്കൽ ) ചട്ടങ്ങളിലെ മൂന്നാം ചട്ടത്തിൽ പൊതുതെരഞ്ഞെടുപ്പ് കഴിഞ്ഞ് ഒരു പഞ്ചായത്ത് രൂപീകരിക്കപ്പെട്ടാൽ കഴിയുന്നതും നേരത്തെ, എന്നാൽ ആറ് മാസത്തിൽ കവിയാത്ത കാലയളവിനുള്ളിൽ ഒരു പൗരാവകാശരേഖ തയ്യാറാക്കി പ്രസിദ്ധപ്പെടുത്തേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നു. പുത്തിഗെ പഞ്ചായത്ത് ഭരണസമിതി അധികാരത്തിലേറിയത് 2015 നവമ്പർ മാസത്തിലാണ്. എന്നാൽ പഞ്ചായത്ത് ഭരണസമിതി അധികാരത്തിലേറി ഇപ്രകാരം 6 മാസത്തിനുള്ളിൽ പൗരാവകാശരേഖ രേഖ അച്ചടിച്ച് പ്രസിദ്ധപ്പെടുത്തിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. 2019-20 വർഷത്തിൽ പൗരാവകാശരേഖ രേഖ അച്ചടിച്ച് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യ പത്രിക സാക്ഷ്യപ്പെടുത്തിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2019-20 | 24-03-2021 | സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല |

### 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 150000 | ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥി കൾക്കുള്ള സ്കോളർഷിപ്പ് | 150000 | 0 |
| | 2019-20 | 700000 | നെൽകൃഷി കൂലി ച്ചെലവ്-സബ്സിഡി | 700000 | 0 |
| | 2019-20 | 1195000 | ലൈഫ് മിഷൻ ഭവന പദ്ധതി ( ജനറൽ-2019/20) | 480000 | 715000 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 50000 | ശാരീരികവും മാനസി കവുമായ വെല്ലു വിളി കൾ നേരിടുന്ന വിദ്യാർത്ഥി കൾക്കുള്ള സ്കോളർഷിപ്പ് | 49985 | 15 |
| | 2019-20 | 11359 | ലൈഫ് മിഷൻ ഭവന പദ്ധതി-പട്ടിക വർഗ്ഗം | 11359 | 0 |

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ എജൻസി | പ്രൊജക്റ്റിന്റെ പേര് | വൗച്ചർ നം / ബിൽ .നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കവാൻ അവശേഷി ക്കുന്ന തുക |
|---|---|---|---|---|---|
| KSEB | Electricity | 21900935 | 43,597 | വിവരം | |

| | | | | |
|---|---|---|---|---|
| | Connection To Thalamugar & Gharmathadukka Anganvadi | Cheque No.403613 | | ലഭ്യമല്ല |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം ഓഡിറ്റ് എൻക്വയറി നം 1 തീയതി 24-03-2021 പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും ലോൺ രജിസ്റ്റർ അഥവാ ലോൺ വിവരങ്ങൾ ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല.
ആയതിനാൽ ലോൺ തുക, ഉത്തരവ് നം ലഭ്യമല്ല. AFS പ്രകാരമുള്ള വിവരങ്ങൾ താഴെ നൽകുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷന് - ഹഡ്കോ വായ്പ | ലഭ്യമല്ല | ലഭ്യമല്ല | 99,20,259 + 2019-20 ലെ വരവ് 45,84,254 ആകെ-1,45,04,513 | 8,67,647 | ----- | 1,36,36,866 |

## 4-6 സ്ഥിര നിക്ഷേപങ്ങളുടെ വിവരം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻ വർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2017-18 | 3 (2 ) | 13,671 | Vaishakh, Assistant Engineer,LSGD | 119080101749/ 18.09.2019 |
| 2017-18 | 3(3) | 26,421 | Rahul.R Assistant Engineer,LSGD | 119080101748/ 18.09.2019 |
| 2014-15 | 3 (2 ) | 29,486 | Thimmakkudiya, Assistant Engineer,LSGD | 119080101442/ 30.07.2019 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 31 | 2001-02 | V-14-2-1 | ഉപാധി രഹിത ഫണ്ട്- മരാമത്ത് പ്രവൃത്തികൾ അപാകതകൾ | രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കി. ഇക്കാര്യം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സമിതിയിൽ നിന്നും തുടർ നിർദ്ദേശങ്ങൾ പ്രതീക്ഷിക്കുന്നു (LFAC 2006-08,<br>7 മത് റിപ്പോർട്ട് ഖ.97) |
| 1998-99 | 41 | 2001-02 | V-14-2-2 | പെർണ സുരംബയൽ ജലസേചന പദ്ധതി സംബന്ധിച്ച് | സമിതി നിർദ്ദേശ പ്രകാരം കൃത്യമായ മറുപടി സമർപ്പിക്കുവാൻ ഗ്രാമ പഞ്ചായത്തിന് നിർദ്ദേശം നല്കിയിട്ടുണ്ട്. സമിതിയിൽ നിന്നും തുടർ നിർദ്ദേശങ്ങൾ പ്രതീക്ഷിക്കുന്നു ( LFAC 2006-08,<br>7 മത് റിപ്പോർട്ട് ഖ.102) |
| 1998-99 | 43 | 2002-03 | VII-I-14-1(1) | സാമൂഹ്യ ജല സേചന പദ്ധതി കട്ടത്തടുക്ക . കൺവീനർക്ക് തുക നല്കി പ്രവൃത്തി പൂർത്തീകരിച്ചില്ല. | 10-7-2015ലെ ബഹു.ഹൈക്കോടതി നിർദ്ദേശപ്രകാരമുള്ള അന്വേഷണം നടത്താതെ ബാധ്യത നിർണ്ണയിച്ച് റവന്യൂ റിക്കവറി നടപടികൾ തുടർന്നുവെന്നാരോപിച്ച് കൺവീനർ ശ്രീ.എ.കെ. സിദ്ധിക്ക് ഹൈക്കോടതിയിൽ വീണ്ടും കേസ് ഫയൽ ചെയ്യുകയുണ്ടായി (WP(C). No.23404 /2016 (A)). ഇത് പ്രകാരമുള്ള 13-7-2016 ലെ ഉത്തരവിൽ തുടർ നടപടികൾ മൂന്നു മാസത്തേയ്ക്കും, 02-12-2016 ലെ ഉത്തരവിൽ ഇടക്കാല സ്റ്റേ തുടർന്ന് ഉത്തരവുകൾ വരുന്നതുവരെയും (Until Further Orders) നീട്ടി നല്കുകയും ചെയ്തു. ഗ്രാമ |

| | | | | | |
|---|---|---|---|---|---|
| | | | | | പഞ്ചായത്ത് സെക്രട്ടറി 09-08-2018 ന് നല്കിയ A1-4945/18 നമ്പർ കത്തിൽ റിക്കവറി നടപടികൾ ക്കെതിരെയുള്ള സ്റ്റേ നീക്കി കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായി അറിയിക്കുകയുണ്ടായി. ഇതു സംബന്ധിച്ച് സൂക്ഷ്മ പരിശോധന റിപ്പോർട്ട് Ksa Ksd11/895/18 Dt.31.8.2018 പ്രകാരം ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. (LFAC 2011-14 12 മത് റിപ്പോർട്ട് ഖ.226 & Action Taken Report LFAC 16-19 19 മത് റിപ്പോർട്ട് ഖ.3.8.5) |
| പട്ടിക ജാതി പട്ടിക വർഗ്ഗ മേഖലയിലെ പദ്ധതി നടത്തിപ്പ് അവലോകനം 2014-15 | - | 2015-16 | 3-7-1 | പട്ടികജാതി പട്ടിക വർഗ്ഗ മേഖലയിലെ പദ്ധതി നടത്തിപ്പ്-പൂർത്തീകരിക്കാത്ത ഭവന പദ്ധതികൾ | അധികൃതർ ലഭ്യമാക്കിയ മറുപടി പരിശോധിച്ച് റിപ്പോർട്ട് സംസ്ഥാന ഓഡിറ്റ് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. 13-6-2017 ന് MIP സമർപ്പിച്ചിട്ടുണ്ട്. ഡയറക്ടറേറ്റിൽ നിന്നും ആവശ്യപ്പെട്ട പ്രകാരം അധിക വിവരങ്ങൾ Ksa Ksd 11/137/18 തി. 8.2.2018 പ്രകാരം അയച്ചിട്ടുണ്ട്. |
| -ടി- | | 2015-16 | 3-7-9 | -ടി- വിദ്യാഭ്യാസ മേഖലയിൽ പദ്ധതികൾ നടപ്പിലാക്കുന്നില്ല. | അധികൃതർ ലഭ്യമാക്കിയ മറുപടി പരിശോധിച്ച് റിപ്പോർട്ട് സംസ്ഥാന ഓഡിറ്റ് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. 13-6-2017 ന് MIP സമർപ്പിച്ചിട്ടുണ്ട് |
| 2014-15 | 2-2, 2-5 | 2016-17 | അധ്യായം.1 അനുബന്ധം 3 | വസ്തു നികുതി പരാമർശങ്ങൽ | മറുപടി ലഭ്യമാക്കിയില്ല പരാമർശം തുടരുന്നു |
| 2014-15 | 2.1, 2.3 | 2016-17 | അധ്യായം.2 അനുബന്ധം 4 | തൊഴിൽ നികുതി പരാമർശങ്ങൾ | മറുപടി ലഭ്യമാക്കിയില്ല പരാമർശം തുടരുന്നു |

4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

എ) ചാർജ്ജ് നടപടികൾ മുഖേന ഈടാക്കിയ തുക – ഇല്ല

ബി) സർചാർജ്ജ് നടപടികൾ മുഖേന ഈടാക്കിയ തുക – ഇല്ല

4-10 ഓഡിറ്റ് പ്രത്യാവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 1,84,26,362 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 4,82,10,021 |
| മൊത്തം | 6,66,36,383 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,37,53,899 |
| നീക്കിയിരിപ്പ് | 2,28,82,484 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3,10,397 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | ഇല്ല | ഇല്ല | ഇല്ല |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 1,91,800 | ബേബി സബിത, പ്രധാനാധ്യാപിക |
| 1-21 | 43,597 | ഹരീഷ് കെ, സെക്രട്ടറി |
| 1-22 | 75,000 | ഹരീഷ് കെ, സെക്രട്ടറി |
| ആകെ | 3,10,397 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ബാധകമല്ല | ബാധകമല്ല | ബാധകമല്ല |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | LF.KSD6/302/11 Dated:25.04.2011 | 2 |
| 1997-98 | LF.KSD6/302/11 Dated:25.04.2011 | 8 |
| 1998-99 | LF.KSD6/302/11 Dated:25.04.2011 | 15 |
| 1999-2000 | LF.KSD6/302/11 Dated:25.04.2011 | 17 |
| 2000-2001 | LF.KSD4/1038/08 Dated:01.09.08/29.01.09 | 8 |
| 2001-02 | LF.KSD4/1039/08 Dated:01.09.08/29.01.09 | 3 |
| 2001-02 (F) | LF.KSD4/1040/08 Dated:01.09.08/29.01.09 | 4 |
| 2003-04 | LF.KSD7/776/09 Dated:21.05.11/01.07.11 | 3 |
| 2004-05 | LF.KSD4/900/07 Dated:24.11.08/12.08.09 | 3 |
| 2005-06 | LF.KSD7/800/09 Dated:21.05.11/01.07.11 | 6 |
| 2006-07 | LF.KSD7/799/ Dated:17.05.11/ 01.07.11 | 7 |
| 2007-08 | LF.KSD7/362/11 Dated:26.03.12/ 17.04.12 | 3 |
| 2008-09 | LF.KSD7/884/11 Dated:26.03.12/ 07.04.12 | 4 |
| 2009- | LF.KSD4/184/2011 | 11 |

| | | |
|---|---|---|
| 10 | Dated:16.12.11 | |
| 2010-11 | LF.KSD4/100/12 Dated 05.03.13/ 27.03.13 | 6 |
| 2011-12 | LF.KSD4/814/13 Dated 05.03.13/ 06.06.2014 | 11 |
| 2012-13 & 2013-14 | LF.KSD9/276/2015 Dated 03.07.2015 | 31 |
| 2014-15 | No KSA/KSD/806/2016 Dated 01.08.2016 | 16 |
| 2015-16 | No.KSA/KSD5/1269/16 Dated 22.12.2016 | 13 |
| 2016-17 | No.KSA/KSD5/795/17 Dated 13.03.2018 | 12 |
| 2017-18 | No.KSA/KSD5/03/19 Dated 10.01.2019 | 10 |
| 2018-19 | No.KSA/KSD5 -1163/2019 Dated 13-02-2020 | 9 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കാസർഗോഡ് ജില്ലയിലെ പുത്തിഗെ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കാസർഗോഡ് ജില്ലയിലെ പുത്തിഗെ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 3

## ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് 2019-20

| Puthige Grama Panchayat<br>INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 3457725.00 |
| 140000000 | Fee & User Charges | I-4(b) | 1736587.00 |
| 150000000 | Sale & Hire Charges | I-5(b) | 166200.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 61637849.00 |
| 171000000 | Interest Earned | I-8 | 161149.00 |
| 180000000 | Other Income | I-9 | 48676.00 |
| | **Total Income** | | **67208186.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10(b) | 7704281.00 |
| 220000000 | Administrative Expenses | I-11(b) | 760409.00 |
| 230000000 | Operations & Maintenance | I-12(b) | 335036.00 |
| 240000000 | Interest & Finance Charges | I-13 | 649.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 3300412.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 38519559.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 668600.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 1747660.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 8876208.00 |
| 255000000 | Maintenance Projects | I-14(e) | 3511704.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 52500.00 |
| | **Total Expenditure** | | **65477018.00** |
| | **Gross Surplus/ Deficit of income over Expenditure** | | **1731168.00** |
| 280000000 | Prior Period Item | I-18 | 496366.00 |
| | **Gross Surplus/Deficit of Income over Expenditure after prior period items.** | | **1234802.00** |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം 4

## റസീറ്റ് ആന്റ് പേമെന്റ് സ്റ്റേറ്റ്മെന്റ് 2019-20

| Puthige Grama Panchayat<br>RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 18357417.00 |
| | | | |

| | | | |
|---|---|---|---|
| Cash | Cash | RP-40(a) | 68945.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 763490.00 |
| 140000000 | Fees & User Charges | RP-4 | 1688487.00 |
| 150000000 | Sale & Hire Charges | RP-5 | 166200.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 32566028.00 |
| 171000000 | Interest Earned | RP-9 | 161149.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 5511030.00 |
| 350000000 | Other Liabilities | RP-36 | 30575.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 48676.00 |
| 311000000 | Earmarked Funds | RP-29 | 0.0 |
| 330000000 | Secured Loans | RP-32 | 4584254.00 |
| 350000000 | Other Liabilities | RP-36 | 245031.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 2439101.00 |
| 460000000 | Loans, Advances and Deposits | RP-47 | 6000.00 |
| | **Grand total** | | **66636383.00** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-11 | 2706365.00 |
| 220000000 | Administrative Expenses | RP-12 | 760409.00 |
| 230000000 | Operations & Maintenance | RP-13 | 330587.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 3175612.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 15414936.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 621350.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | RP-18 | 1738976.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 1019108.00 |
| 255000000 | Maintenance Projects | RP-20 | 3511704.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 52500.00 |
| 280000000 | Prior Period item | RP-26 | -106010.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 77995.00 |
| 350000000 | Other Liabilities | RP-36 | 3760941.00 |
| | **Non Operating** | | |
| 240000000 | Interest & Finance Charges | RP-14 | 649.00 |
| 280000000 | Prior Period Item | RP-26 | -1080.00 |
| 340000000 | Deposits Received | RP-34 | 8350.00 |
| 350000000 | Other Liabilities | RP-36 | 1275693.00 |
| 410000000 | Fixed Assets | RP-38 | 6242444.00 |
| 412000000 | Capital work in Progress | RP-40 | 1903237.00 |
| 460000000 | Loans, Advances and Deposits | RP-47 | 1260133.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 22880892.00 |
| Cash | Cash | RP-40(b) | 1592.00 |
| | **Grand Total** | | **66636383.00** |

## അനുബന്ധം 5

## 31.03.2020 ലെ ബാലൻസ് ഷീറ്റ്

| |
|---|
| **Puthige Grama Panchayat** |

**BALANCE SHEET**

For the period from 01-April-2019 to 31-March-2020

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 6507144.20 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 515.00 |
| 312000000 | Reserves | B-3 | 62031740.00 |
| | **Total Reserve & Surplus** | | **68539399.20** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 5811574.00 |
| | **Total Grants, Contributions for Specific Purposes** | | **5811574.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 13636866.00 |
| | **Total Loans** | | **13636866.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 235597.00 |
| 350000000 | Other Liabilities | B-9 | 1365443.20 |
| | **Total Current Liabilities and Provisions** | | **1601040.20** |
| | **TOTAL LIABILITIES** | | **89588879.40** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 89380158.00 |
| 411000000 | Accumulated Depreciation | B-11 | -24133609.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | **Total Fixed Assets** | | **65246549.00** |
| | **Investments** | | |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 799651.40 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 22882484.00 |
| 460000000 | Loans, Advances and Deposits | B-18 | 660195.00 |
| | **Total Current Assets, Loans and Advances** | | **24342330.40** |

| | |
|---|---|
| **Other Assets** | |
| **Miscellaneous Expenditure (To the Extent not written off)** | |
| **TOTAL ASSETS** | **89588879.40** |